# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

ECHO OF HIS CALL 1969-2019 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | JUNE 2023 | No. 8


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 47:1–9**

01. സകല ജാതികളുമായുള്ളോരേ കൈ കൊട്ടുവിൻ; ജയഘോഷത്തോടെ ദൈവസന്നിധിയിൽ ആർക്കുവിൻ.

02. അത്യുന്നതനായ യഹോവ ഭയങ്കരൻ; അവൻ സർവ്വഭൂമിക്കും മഹാരാജാവാകുന്നു.

03. അവൻ ജാതികളെ നമ്മുടെ കീഴിലും വംശങ്ങളെ നമ്മുടെ കാൽക്കീഴും ആക്കുന്നു.

04. അവൻ നമുക്കു തന്റെ അവകാശത്തെ തിരഞ്ഞെടുത്തുതന്നു; താൻ സ്നേഹിച്ച യാക്കോബിന്റെ ശ്ലാഘ്യഭൂമിയെ തന്നേ.

05. ദൈവം ജയഘോഷത്തോടും യഹോവ കാഹളനാദത്തോടും കൂടെ ആരോഹണം ചെയ്യുന്നു.

06. ദൈവത്തിന്നു സ്തുതി പാടുവിൻ, സ്തുതി പാടുവിൻ; നമ്മുടെ രാജാവിന്നു സ്തുതി പാടുവിൻ, സ്തുതി പാടുവിൻ.

07. ദൈവം സർവ്വ ഭൂമിക്കും രാജാവാകുന്നു; ഒരു ചാതുര്യകീർത്തനം പാടുവിൻ.

08. ദൈവം ജാതികളെ ഭരിക്കുന്നു; ദൈവം തന്റെ വിശുദ്ധ സിംഹാസനത്തിൽ ഇരിക്കുന്നു.

09. വംശങ്ങളുടെ പ്രഭുക്കന്മാർ അബ്രഹാമിന്റെ ദൈവത്തിന്റെ ജനമായി ഒന്നിച്ചുകൂടുന്നു; ഭൂമിയിലെ പരിചകൾ ദൈവത്തിന്നുള്ളവയല്ലോ; അവൻ ഏറ്റവും ഉന്നതനായിരിക്കുന്നു.

# പുതിയ കാലഘട്ടത്തെ വരവേൽക്കുക അല്ലെങ്കിൽ അതിനെ ശല്യപ്പെടുത്തൽ എന്നു വിളിക്കുക!

## EMBRACE THE NEW SEASON OR YOU CAN NAME IT AS DISTRACTIONS!


*സിസ്റ്റർ. ഏഞ്ചലിൻ സെൽവകുമാരി*




യോശുവയുടെ പുസ്തകം ഒരു പുതിയ യുഗത്തിന്റെ തുടക്കം കുറിക്കുന്നു. അത് യിസ്രായേല്യരുടെ ജീവിതത്തിലെ പുതിയ കാലമാണ്. യിസ്രായേൽ ചരിത്രത്തിലെ ഏറ്റവും വലിയ നേതാക്കന്മാരിൽ ഒരാളായ മോശെയുടെ മരണത്തെ തുടർന്ന് യോശുവ അദ്ദേഹത്തിന്റെ പിൻഗാമിയായി. പിൻഗാമിയെന്ന ഈ വിളി യോശുവയ്ക്കു സ്വീകരിക്കുവാൻ പെട്ടെന്ന് സാധിച്ചില്ല. മോശെയുടെ ഉപദേശവും പരിശീലനവും ലഭിച്ചിരുന്നുവെങ്കിലും യോശുവയുടെ ബുദ്ധിമണ്ഡലത്തിലൂടെ കടന്നുപോയ ചിന്തകൾ എന്താണെന്ന് ആർക്കും മനസ്സിലായില്ല. യിസ്രായേൽ ജനം മോശെയോട് എങ്ങനെ പെരുമാറി എന്നും മോശെക്ക് അവസാനം എന്തു സംഭവിച്ചു എന്നും യോശുവയ്ക്ക് കൃത്യമായി അറിയാമായിരുന്നു. ഇത് യോശുവയെ ഭയപ്പെടുത്തിക്കാണുമായിരിക്കും. പക്ഷെ മോശെ കരങ്ങൾ വെച്ച് അവനെ പിൻഗാമിയായി അവരോധിച്ചു. ആവർത്തനപുസ്തകം 34:9 ഇങ്ങനെ പറയുന്നു:

**നൂന്റെ മകനായ യോശുവയെ മോശെ കൈവെച്ചനുഗ്രഹിച്ചിരുന്നതുകൊണ്ട് അവൻ ജ്ഞാനാത്മപൂർണ്ണനായിത്തീർന്നു; യഹോവ മോശെയോടു കല്പിച്ചതുപോലെ യിസ്രായേൽ മക്കൾ അവനെ അനുസരിച്ചു.**


*3-ാം പേജിൽ തുടരും...*





## വിളിയുടെ പ്രതിധ്വനി

*യു ട്യൂബ് ക്രിസ്തീയ ചാനൽ!*

**പാസ്റ്റർ സാം സെൽവരാജുമൊത്ത് പ്രാർത്ഥിക്കാൻ അവസരം!**

**5 മിനിട്ട് ദൈർഘ്യമുള്ള സന്ദേശം, പ്രാർത്ഥന!!**

**ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്**

**എല്ലാ ദിവസവും 5.00 am**
**തമിഴ് ഞായർ ആരാധന– 8.30 am**

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)




## from your dearly beloved brother...

REACHING NATIONS



### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**CHIEF EDITOR**
Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**
Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Dr. A. Richard Samuel, M.A., Ph.D.
Rev. Dr. K.R. Rajasekaran

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**CORE LEADERS**
Bro. K. Puratchivendan
Dr. Rabinder Boaz, M.S.
Bro. A. Edward Durai
Bro. A. Alvin
Bro. K. Abraham
Sis. Dhanalakshmi Chinnaiah

**E.mail ID**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call

> **"ഞങ്ങളോ ഞങ്ങളുടെ ദൈവത്തോടു പ്രാർത്ഥിച്ചു; അവരുടെ നിമിത്തം രാവും പകലും കാവൽക്കാരെ ആക്കേണ്ടിവന്നു"**
>
> – നെഹെമ്യാവ് 4:9

കർത്താവിൽ പ്രീയ സ്നേഹിതരേ,

നിങ്ങൾക്കു സമാധാനം ഉണ്ടാകട്ടെ. നിങ്ങളുടെ ജീവിതം സുഖകരമായിരിക്കട്ടെ. ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ദയവായി ഈ ലേഖനം അവസാനം വരെ വായിക്കുക.

ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. നമുക്ക് ആവശ്യമായ ശക്തിയും, സംരക്ഷണവും, ആശ്വാസവും നൽകി നമ്മെ കാത്തു പരിപാലിക്കുന്നു. കർത്താവായ യേശുക്രിസ്തു നല്ലവനാണ്. അവൻ എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ.

### നിങ്ങൾ മനസ്സിലാക്കേണ്ട പ്രധാന വിവരങ്ങൾ!

1. എല്ലാ ദിവസവും രാത്രി 10 മണിക്ക് നമ്മുടെ പ്രാർത്ഥനാസമയമാണ്. നിങ്ങൾ ലോകത്തിന്റെ ഏതു ഭാഗത്തായിരുന്നാലും, രാത്രി പത്തു മണിക്ക്, ലോകം മുഴുവനുമുള്ള, നമ്മുടെ ഭാവി വാഗ്ദാനങ്ങളായ യുവതീയുവാക്കൾക്കും കുട്ടികൾക്കുമായി പ്രാർത്ഥിക്കുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഈ ശുശ്രൂഷയെ **ഗ്ലോബൽ വിഷൻ ഫോർ യൂത്ത് ആന്റ് കിഡ് കെയർ** എന്ന് നാമകരണം ചെയ്തിരിക്കുന്നു. ഈ ശുശ്രൂഷയിലൂടെ അനേകം കുട്ടികൾ രക്ഷയിലേക്ക് വന്നിട്ടുണ്ട്. **വിളിയുടെ പ്രതിധ്വനി**യുടെ യുട്യൂബ് ചാനൽ വഴി ഇതിന്റെ വിവരങ്ങൾ ഭാവിയിൽ അറിയാവുന്നതാണ്. നിങ്ങൾക്ക് ഈ ചാനലിലൂടെ സാക്ഷ്യങ്ങളും പ്രാർത്ഥനാ വിഷയങ്ങളും ലഘുസന്ദേശങ്ങളും ശ്രവിക്കാവുന്നതാണ്. ഈ ചാനൽ ദയവായി വരിക്കാരാകുവിൻ. നിങ്ങളുടെ മൊബൈൽ ഫോണിൽ ഞങ്ങളുടെ വാട്ട്സ്ആപ്പ് നമ്പർ +91-98410 71858, +91-98412 71858 എന്നീ നമ്പരുകൾ സ്ഥിരമായി സേവ് ചെയ്യുവിൻ. ഈ രണ്ടു നമ്പരുകൾ ഞങ്ങൾ ഉപയോഗിക്കുന്നു. നന്ദി.
2. വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനലിൽ എല്ലാ ദിവസവും രാവിലെ 5.00 മണിക്ക് ദൈവീക സന്ദേശവും പ്രാർത്ഥനയും ലഭ്യമാണ്. പാസ്റ്റർ. എസ്. സാം സെൽവരാജ്, പാസ്റ്റർ അലക്സ് സാംസൺ സാം എന്നിവർ സന്ദേശങ്ങൾ നൽകുന്നു. ഇത് +91-98410 71858, +91-98412 71858 എന്നീ വാട്ട്സ്ആപ് നമ്പരുകളിലൂടെ ലഭ്യമാണ്. ഈ പരിപാടിയിൽ പങ്കെടുത്താൽ ഞങ്ങളോടൊപ്പം നിങ്ങൾക്കും പ്രാർത്ഥനയിൽ പങ്കുചേരാവുന്നതാണ്. ലോകം മുഴുവനുമുള്ള നിരവധി പേർ ഇതിലൂടെ അനുഗ്രഹം പ്രാപിക്കുന്നു. നിങ്ങൾക്കും അനുഗ്രഹം പ്രാപിക്കാവുന്നതാണ്. നിങ്ങൾ ചെയ്യേണ്ടത് നിങ്ങളുടെ മൊബൈൽ ഫോണിൽ മുകളിൽ പറഞ്ഞിരിക്കുന്ന നമ്പരുകൾ സ്ഥിരമായി സേവ് ചെയ്യുവിൻ. ഇത് വളരെ മുഖ്യമാണ്.
3. ഗ്രാമീണ ഹൈസ്കൂളായ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. നൈപുണ്യവും ആത്മീയ പക്വതയുമുള്ള വിദ്യാഭ്യാസ വിചക്ഷണരുമായാണ് സ്കൂൾ പ്രവർത്തിക്കുന്നത്. നല്ല അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ലഭിക്കുവാൻ ദയവായി പ്രാർത്ഥിക്കുവിൻ.



*St. Paul's Matriculation School Staff*

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) · BIBLECOR - Postal Courses (3 languages) · Media Ministry · Online Courses · Theological Correspondence Courses (2 languages) · Church Planting · Nehemiah Bible Colleges · Gospel Printing Press · Great Commission Partners · St. Paul's Matriculation School · Crusades · Community Development

4. **ഞങ്ങളുടെ നെഹെമ്യ ബൈബിൾ കോളേജ്** ഹിന്ദിയിലും (റെസിഡൻഷ്യൽ) തമിഴിലും (സായാഹ്നം) കോഴ്സുകൾ നടത്തുന്നു. ചെന്നൈയിൽ നിന്നുള്ള വളരെ നല്ല അദ്ധ്യാപകർ ഇവിടെ പഠിപ്പിക്കുന്നു. കർത്താവിനെ സേവിക്കുവാൻ കാഴ്ചപ്പാടുള്ള വിദ്യാർത്ഥികളെ ആവശ്യമായിരിക്കുന്നു. 2023-2024 അദ്ധ്യയന വർഷത്തേക്കുള്ള ക്ലാസ്സുകൾ ജൂൺ 5-ാം തീയതി ആരംഭിക്കുന്നു. 30



***നെഹെമ്യ ബൈബിൾ കോളേജ് മീറ്റിംഗ്***

വിദ്യാർത്ഥികൾ ബിരുദം സ്വീകരിച്ച് മിഷൻ ഫീൽഡിലേക്ക് പോകുവാൻ തയ്യാറെടുക്കുന്നു. നെഹെമ്യ ബൈബിൾ കോളേജിന്റെ 24-ാമതു ബിരുദദാന ചടങ്ങ് ജൂൺ 3-ാം തീയതി നടത്തുന്നു.

5. കുട്ടികൾക്കു വേണ്ടിയുള്ള വേനൽക്കാല ബൈബിൾ ക്ലാസ്സുകൾ പല സ്ഥലങ്ങളിലായി കഴിഞ്ഞ മാസം നടത്തി (മെയ്).

6. 16 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന **വിളിയുടെ പ്രതിധ്വനി മാസിക**യിലൂടെ ദൈവകരം പ്രവർത്തിക്കുന്നു. കൂടാതെ ഞങ്ങളുടെ പള്ളികൾ, കറസ്പോണ്ടൻസ് ബൈബിൾ കോഴ്സുകൾ, സുവിശേഷ അച്ചടിശാല, കുട്ടികളുടെ ശുശ്രൂഷ, യുവജന ശുശ്രൂഷ, ആശുപത്രി ശുശ്രൂഷ എന്നിവയിലും ദൈവകരം പ്രവർത്തിക്കുന്നു. ഈ ശുശ്രൂഷകൾക്കായി നാം ദൈവത്തോട് നന്ദിയുള്ളവരായിരിക്കണം.

ഈ വലിയ ലോകത്തെ സുവിശേഷത്താൽ നിറയ്ക്കുവാൻ ദൈവം നമ്മുടെ കരങ്ങളിൽ സമർപ്പിച്ചിരിക്കുന്നു. ഈ ദർശനത്തോടുകൂടെയുള്ള നിരവധി ദൈവാസന്മാരെ നമുക്ക് ആവശ്യമായിരിക്കുന്നു. കൂടാതെ ഈ ശുശ്രൂഷയെ സാമ്പത്തികമായി സഹായിക്കാൻ കഴിയുന്ന അനേകരെയും ആവശ്യമുണ്ട്.

ഞങ്ങൾക്കായി പ്രാർത്ഥിക്കുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. നിരവധി ആത്മീയ പോരാട്ടങ്ങൾ നാം അഭിമുഖീകരിക്കുന്നു. ദൈവം നമുക്ക് വിജയം നൽകുമെന്ന് ഉറപ്പാണ്. ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

നമ്മുടെ സ്നേഹനിധിയായ യേശുക്രിസ്തു നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ
**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**
(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

*... 1-ാം പേജിന്റെ തുടർച്ച*

അപ്പോഴും യോശുവയ്ക്ക് ആത്മവിശ്വാസം ഇല്ലായിരുന്നതുകൊണ്ടാണെന്ന് ഞാൻ കരുതുന്നു ദൈവം അവനോട് ഇങ്ങനെ പറഞ്ഞത്: **ഞാൻ മോശെയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും... ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക; ഭയപ്പെടരുത്, ഭ്രമിക്കയും അരുത്.**

ദൈവം നമ്മിൽ ചിലരെ ജീവിതത്തിന്റെ പുതിയ കാലഘട്ടത്തിലേക്ക്, ദൈവീക ശുശ്രൂഷയ്ക്ക് വിളിക്കുകയാണ്. പഴയ കാലഘട്ടം നല്ലതാണെങ്കിലും പുതിയ കാലഘട്ടത്തിലേക്ക് വിളിക്കുകയാണ്. ഞാൻ ജീവിതത്തിന്റെ അവസാന കാലത്തിലാണ്, ഇനി ഞാൻ എങ്ങനെയാണ് പുതിയ കാലഘട്ടത്തിൽ കടക്കുന്നത് എന്ന് നമ്മിൽ ചിലർ ചിന്തിക്കുന്നുണ്ടായിരിക്കാം. ദാവീദിനെ പിന്തുണച്ച ബർസില്ലായി 80 വയസ്സുള്ളവനായിരുന്നു (2 ശമൂവേൽ 19:32). നിങ്ങൾ തയ്യാറാണെങ്കിൽ പുതിയ കാലഘട്ടത്തിലേക്ക് ദൈവം നിങ്ങളെ കൊണ്ടുപോകും.

പുതിയ കാലത്തെ സ്വീകരിക്കാൻ നാം ജീവിതത്തിൽ ചില കാര്യങ്ങൾ ഉപേക്ഷിക്കേണ്ടതായിട്ടുണ്ട്. നമ്മൾ പഴയതു മുറുകെ പിടിക്കുകയാണെങ്കിൽ ദൈവം നമുക്കായി കരുതിയിരിക്കുന്ന അനുഗ്രഹങ്ങൾ പൂർണ്ണമായി അനുഭവിക്കാൻ നമുക്ക് കഴിയുകയില്ല.

## വളരെ പ്രധാനപ്പെട്ട പ്രഖ്യാപനം

**പ്രതികൂല സാഹചര്യങ്ങളാൽ പല ക്രിസ്തീയ മാസികകളും പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നില്ല. ഈ സാഹചര്യം വിളിയുടെ പ്രതിധ്വനിയുടെ കാര്യത്തിലും ഉണ്ടായേക്കാം. കഠിനാദ്ധ്വാനത്തോടും വളരെയധികം ബുദ്ധിമുട്ടുകളും സഹിച്ചാണ് മാസിക അയക്കുന്നത്. പക്ഷെ തപാൽ അധികൃതർ മാസികകൾ ആത്മാർത്ഥമായി വിതരണം ചെയ്യുന്നില്ല എന്നു ഞങ്ങൾ മനസ്സിലാക്കുന്നു. വിതരണം ചെയ്തതിനുശേഷം ചിലർ അതു തുറന്നു പോലും നോക്കുന്നില്ല.**

**അതിനാൽ നിങ്ങൾക്ക് തുടർന്നും വിളിയുടെ പ്രതിധ്വനി മാസിക ലഭിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങളുടെ കൃത്യമായ വിലാസവും ഫോൺ നമ്പരും ഇ-മെയിൽ അഡ്രസ്സും ടെലിഫോണിലൂടെയോ വാട്ട്സ്ആപ് വഴിയോ ഇ-മെയിൽ വഴിയോ തപാൽ മുഖേനയോ ഞങ്ങളെ അറിയിക്കുവിൻ. നിങ്ങളുടെ പുതിയ വിലാസവും മറ്റു വിവരങ്ങളും അയച്ചുതരാത്തപക്ഷം മാസിക അയച്ചുതരുവാൻ സാധിക്കുകയില്ല എന്ന് നിങ്ങളെ അറിയിക്കുന്നു. ഒരു കാരണവശാലും നിങ്ങളുമായുള്ള ബന്ധമോ സമ്പർക്കമോ നഷ്ടപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ദയവായി സഹകരിക്കുവിൻ.**

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി**

**Echo of His Call**
10, Mohammed Abdullah 2nd Street, Chepauk. Chennai – 600 005.
Mobile No : +91-98410 71858, +91-98412 71858
Telephone No. (+91-44) 2852 8282, 2852 9293, 2854 7766
E-mail : sam@echoofhiscall.org / echosamselvaraj@gmail.com.
YouTube Channel: Echo of His Call.

## പുതിയ കാലം!

യോശുവ 1:2 (NIV) തുടങ്ങുന്നത് ഇപ്രകാരമാണ്: **എന്റെ ദാസൻ യോശുവ മരിച്ചു. ഇനി നീയും ഈ ജനങ്ങളും യോർദ്ദാൻ നദി കുറുകെ കടക്കണം. യിസ്രായേൽ ജനതയായ നിങ്ങൾക്കു ഞാൻ തരുന്ന ഭൂമിയിലേക്ക് നിങ്ങൾ പ്രവേശിക്കണം.**

ഈ വിഷയം ആഴത്തിൽ പരിശോധിക്കുന്നതിനുമുമ്പ് ഈ വാക്യത്തിലെ ചില വാക്കുകളെക്കുറിച്ച് സംസാരിക്കുവാൻ ആഗ്രഹിക്കുന്നു.

എന്റെ ദാസനായ മോശെ മരിച്ചു. പഴയതു പോയി. ബൈബിളിലെ വാക്യം പറയുന്നത് **ഇപ്പോൾ** എന്നാണ്. പുതിയ കാലത്തിലേക്കുള്ള സമയമായി. നിങ്ങളുടെ ജീവിതത്തിൽ അടുത്ത കാലത്തിൽ ദൈവം നൽകാനിരിക്കുന്നത് സ്വീകരിക്കാനുള്ള സമയമാണിത്.

നിങ്ങളുടെ ശുശ്രൂഷ അടുത്ത ഘട്ടത്തിലേക്കു കൊണ്ടുപോകാനുള്ള സമയമാണിത്.

ഇപ്പോൾ നിങ്ങളുടെ കുടുംബത്തിലും കുട്ടികളിലും ദൈവപ്രീതിയുടെ കാലമാണ്.

ഇപ്പോഴാണ് സമയം... പിന്നീടല്ല... പക്ഷെ ചോദ്യം എന്തെന്നാൽ **ഇപ്പോൾ** എന്നതിനെ സ്വീകരിക്കാനും അംഗീകരിക്കാനും നിങ്ങൾക്കു കഴിയുമോ എന്നതാണ്.

## തയ്യാറാകുവിൻ!

ഈ വാക്യത്തിൽ എന്റെ ശ്രദ്ധ ആകർഷിച്ച മറ്റൊരു വാക്ക് ദൈവം യോശുവയോട് തയ്യാറാകുവാൻ പറയുന്നു എന്നതാണ്. എന്തിനുവേണ്ടിയായാലും നാം ആദ്യത്തെ ചുവട് എടുക്കുവാൻ താമസിക്കുന്നു. നാം എന്തെങ്കിലും ശക്തമായതു കാണുന്നുവെങ്കിൽ മാത്രം അടുത്ത ചുവടു വെക്കുന്നു. ഇതു വായിക്കുന്ന നിങ്ങളിൽ എത്രപേർ നിങ്ങളുടെ ജീവിതത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് ദൈവം നിങ്ങളെ കൊണ്ടുപോകാനായി കാത്തിരിക്കുന്നു എന്ന് എനിക്കറിയില്ല. അടുത്ത ചുവടു വെക്കുവാൻ ദൈവത്തിന്റെ ഉത്തരത്തിനായി കാത്തിരിക്കുന്നു.

പ്രീയ സുഹൃത്തുക്കളേ, ഇപ്പോഴാണ് കാലവും സമയവും. എന്നാൽ അത് സ്വീകരിക്കാൻ നിങ്ങൾ തയ്യാറാണോ എന്നതാണ് അടുത്ത ചോദ്യം. അടുത്ത ചുവടു വെക്കുവാൻ വിശ്വാസത്താൽ നാം സജ്ജരാകേണ്ടതായിട്ടുണ്ട്. നിങ്ങളെ പിന്നിൽ നിന്നു വലിക്കുന്നതെന്താണെന്നു ചിന്തിക്കുവിൻ. ദൈവത്തിന്റെ വാഗ്ദാനം മാത്രമാണ് ആവശ്യമായിട്ടുള്ളത്. ദൈവത്തിന്റെ വചനമില്ലാതെ അടുത്ത ചുവടു വെക്കുവാൻ തുനിയരുത്. ദൈവം തന്റെ വചനവും വാഗ്ദാനവും തന്നിട്ടുണ്ടെങ്കിൽ ഒട്ടും താമസിക്കരുത്. ക്ഷണികമായ നമ്മുടെ ജീവിതത്തിൽ നിലനിൽക്കുന്നത് ദൈവത്തിനുവേണ്ടി ചെയ്തതു മാത്രമാണ്. നിങ്ങൾ എന്തിനുവേണ്ടിയാണ് കാത്തിരിക്കുന്നത്? അടുത്ത ചുവടു വെയ്ക്കുവിൻ. നിങ്ങൾ തീരുമാനമെടുക്കുമ്പോൾ കാര്യങ്ങൾ നിങ്ങൾക്ക് അനുകൂലമായി മാറും. യോശുവ 3:13ൽ നാം ഇങ്ങനെ വായിക്കുന്നു:

**സർവ്വ ഭൂമിയുടെയും നാഥനായ യഹോവയുടെ പെട്ടകം ചുമക്കുന്ന പുരോഹിതന്മാരുടെ ഉള്ളങ്കാൽ യോർദ്ദാനിലെ വെള്ളത്തിൽ ചവിട്ടുമ്പോൾ ഉടനെ യോർദ്ദാനിലെ വെള്ളം രണ്ടായി പിരിഞ്ഞിട്ടു മേൽനിന്നൊഴുകുന്ന വെള്ളം ചിറ പോലെ നിൽക്കും.**

ആദ്യ ചുവടു വെയ്ക്കുവാൻ നിങ്ങൾ തീരുമാനിക്കുമ്പോൾ തന്നെ നിങ്ങളുടെ മുന്നിലുള്ള നദി ഉൾപ്പെടെയുള്ള എല്ലാ തടസ്സങ്ങളും നീങ്ങിപ്പോകും. നിങ്ങൾ തയ്യാറാണോ?

## കടക്കുക!

ദൈവം യോശുവയോടു പറഞ്ഞു: ഇപ്പോഴാണ് സമയം, കടക്കുവാൻ തയ്യാറാകൂ.

കടക്കുക എന്നു പറയുന്നത് ഒരു പ്രക്രിയയാണ്. ഇത് ഒറ്റത്തവണയുള്ള സംഭവമല്ല. നിങ്ങൾക്ക് ചില പ്രത്യേക സാഹചര്യങ്ങളിലൂടെയും അറിയാത്ത വഴികളിലൂടെയും നടക്കേണ്ടിവരും, ചിലപ്പോൾ ഇതിന് ഒരു അർത്ഥവും ഉണ്ടാകണമെന്നില്ല. യോർദ്ദാൻ നദി കടക്കുക എന്ന് ദൈവം യിസ്രായേൽ മക്കളോടു പറഞ്ഞു. അവർ എങ്ങനെ ആ നദി കടക്കും? അത് മനുഷ്യ മനസ്സിന് ചിന്തിക്കുവാൻ കഴിയുന്നതല്ല. സുഹൃത്തുക്കളേ, ദൈവം നിങ്ങൾക്ക് ഒരു വാഗ്ദത്തം നൽകുമ്പോൾ അത് മാനുഷ കണ്ണുകളിലൂടെയല്ല, ആത്മീയ കണ്ണുകളിലൂടെ കാണണം. നിങ്ങൾ മാനുഷകണ്ണുകളിലൂടെ കാണാനാണ് ശ്രമിക്കുന്നതെങ്കിൽ നിങ്ങൾക്ക് വെള്ളവും, കരയിലേക്ക് അടിച്ചുകയറുന്ന തിരമാലകളും മാത്രമേ കാണാൻ സാധിക്കുകയുള്ളു. നദിയിലെ വെള്ളത്തിന്റെ കുത്തൊഴുക്ക് കണ്ടു നിൽക്കാമെന്നല്ലാതെ നിങ്ങൾക്ക് മറ്റൊന്നും ചെയ്യാൻ കഴിയുകയില്ല. പക്ഷെ ആത്മീയ കണ്ണുകൾ കൊണ്ട് കാണുകയാണെങ്കിൽ നമ്മുടെ സങ്കല്പത്തിനുമപ്പുറം ദൈവത്തിന് എന്തു ചെയ്യാൻ കഴിയുമെന്ന് കാണുവാൻ നമുക്കു സാധിക്കും. എഫെസ്യർ 3:20 ബൈബിളിലെ എന്റെ പ്രീയപ്പെട്ട വാക്യങ്ങളിൽ ഒന്നാണ്. മാനവരാശിക്ക് ദൈവം നൽകിയ ഏറ്റവും വലിയ സമ്മാനങ്ങളിൽ ഒന്ന് ഭാവനയാണ്. നമുക്ക് ആവശ്യമുള്ളതെന്തും ഏതു സമയത്തും നമുക്ക് ഭാവനയിൽ കാണാം. അതിന് പരിധിയില്ല. ദൈവം തന്റെ മക്കളോടുള്ള വാഗ്ദത്തം നിറവേറ്റാൻ ആഗ്രഹിച്ച് അനുഗ്രഹിക്കുമ്പോൾ ആ ഭാവനയ്ക്ക് പരിധിയില്ല.

06-ാം പേജിൽ തുടരും...


നെഹെമ്യ ബൈബിൾ
റസിഡൻഷ്യൽ/ സായാഹ്ന കോളേജ്
വേളാച്ചേരി/ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ
ഭാഷ : ഹിന്ദി/തമിഴ്
അപേക്ഷകനുള്ള മെമ്പർഷിപ്പ്
ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷൻ (ATA)
കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം
വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
അതിവേഗം അഡ്മിഷൻ നേടുവിൻ!
ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org
✶ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✶

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

*ജൂൺ 19* ⇨ 2023 ജൂൺ 3-ാം തീയതി നടന്ന നെഹെമ്യ ബൈബിൾ കോളേജിന്റെ ബിരുദദാന ചടങ്ങ് അത്ഭുതകരമായി നടന്നതിനായി.

*ജൂൺ 20* ⇨ 2023 മെയ് 10-ാം തീയതി നടന്ന നെഹെമ്യ ബൈബിൾ കോളേജിന്റെ പൂർവ്വവിദ്യാർത്ഥി സംഗമം അനുഗ്രഹപ്രദമാക്കിത്തന്നതിനായി.

*ജൂൺ 21* ⇨ നെഹെമ്യ ബൈബിൾ കോളേജിന്റെ അക്കാദമിക് ഉപദേഷ്ടാവായി റവ പോൾ എബനേസർ ചാർജ് എടുക്കാൻ സഹായിച്ചതിനായി.

*ജൂൺ 22* ⇨ ലോകം മുഴുവനുമുള്ള ചെറുപ്പക്കാരുടെയും കുട്ടികളുടെയും രക്ഷയ്ക്കു വേണ്ടി രാത്രി 10.00 മണിക്ക് പ്രാർത്ഥിക്കുവാനായി ഗ്ലോബൽ വിഷൻ ഫോർ യൂത്ത് ആന്റ് കിഡ് കെയർ എന്ന ശുശ്രൂഷ ആരംഭിക്കുവാൻ സഹായിച്ചതിനായി.

*ജൂൺ 23* ⇨ അർപ്പണസ്വഭാവമുള്ള അസ്സോസിയേറ്റ് എഡിറ്റർമാരിലൂടെ 16 ഭാഷകളിലുള്ള മാസിക കൃത്യമായി, എപ്പോഴും പ്രസിദ്ധീകരിക്കുന്നതിനായി.

*ജൂൺ 24* ⇨ നെഹെമ്യ ബൈബിൾ കോളേജിലെ റസിഡൻഷ്യൽ, സായാഹ്ന കോഴ്സുകളിലേക്കുള്ള വിദ്യാർത്ഥികളെ കണ്ടെത്താനുള്ള ഞങ്ങളുടെ ശ്രമങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

*ജൂൺ 25* ⇨ 1969 മുതലുള്ള മാസിക ശുശ്രൂഷയെ അനുഗ്രഹിച്ചതിനായി.

*ജൂൺ 26* ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലേക്ക് വിദ്യാർത്ഥികളെ കണ്ടെത്താനുള്ള സ്കൂൾ ജീവനക്കാരുടെ ശ്രമങ്ങളെ അനുഗ്രഹിക്കുന്നതിനായി.

*ജൂൺ 27* ⇨ ഞങ്ങളുടെ അഭ്യുദയകാംക്ഷികളുടെ പ്രാർത്ഥനക്കും സഹായങ്ങൾക്കുമായി.

*ജൂൺ 28* ⇨ നെഹെമ്യ ബൈബിൾ കോളേജിനെയും സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിനെയും 2022-23 അദ്ധ്യയനവർഷം വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചതിനായി.

*ജൂൺ 29* ⇨ വിളിയുടെ പ്രതിധ്വനിയുടെ എല്ലാ പള്ളികളിലെ നേതാക്കളെയും വിശ്വാസികളെയും അനുഗ്രഹിച്ചതിനായി.

*ജൂൺ 30* ⇨ ഞങ്ങളുടെ പള്ളികളിൽ നടന്ന വെക്കേഷൻ ബൈബിൾ സ്കൂളിനെ അനുഗ്രഹിച്ചതിനായി.

*ജൂലൈ 01* ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസപങ്കാളികൾ, ആയുഷ്കാല പങ്കാളികൾ, മാസിക വരിക്കാർ, പരമനിയോഗ പങ്കാളികൾ തുടയങ്ങിയവർക്കായും അവരുടെ കുടുംബാഗങ്ങൾക്കായും.

*ജൂലൈ 02* ⇨ തമിഴ്, ഇംഗ്ലീഷ്, ഹിന്ദി, തെലുങ്ക് എന്നീ ഭാഷകളിലെ യുട്യൂബ് സന്ദേശങ്ങൾ അനുഗ്രഹിച്ചതിനായി.

*ജൂലൈ 03* ⇨ ഞങ്ങളുടെ പ്രസ്ഥാനം നടത്തിക്കൊണ്ടു പോകുവാൻ ഇതുവരെയും സഹായിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

*ജൂലൈ 04* ⇨ സുഡാനിലെ രാഷ്ട്രീയ അശാന്തി ഇല്ലാതാകുവാനായി.

*ജൂലൈ 05* ⇨ സീനിയർ പാസ്റ്ററുടെ ആത്മകഥ എഴുതുവാൻ അനുഗ്രഹിച്ചതിനായി.

*ജൂലൈ 06* ⇨ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും ദുഷ്ടശക്തികളിൽനിന്നും തുടർന്നും സംരക്ഷണവും ലഭിക്കുവാൻ.

*ജൂലൈ 07* ⇨ ലോകമെമ്പാടുമുള്ള എല്ലാ ക്രൈസ്തവ സഭകളുടെയും ഉണർവ്വിനായി.

*ജൂലൈ 08* ⇨ വിളിയുടെ പ്രതിധ്വനിയ്ക്ക് കൂടുതൽ പ്രവർത്തകരെ ലഭിക്കുവാൻ.

*ജൂലൈ 09* ⇨ കോവിഡിന്റെയും മറ്റു പകർച്ചവ്യാധികളുടെയും അണുക്കൾ ഇല്ലാതാകുവാൻ.

*ജൂലൈ 10* ⇨ ഗ്ലോബൽ വിഷൻ ഫോർ യൂത്ത് ആന്റ് കിഡ് കെയർ എന്ന ശുശ്രൂഷയ്ക്ക് കൂടുതൽ അംഗങ്ങൾ ലഭിക്കുവാൻ.

*ജൂലൈ 11* ⇨ ലോകത്തിലെ യുവജനങ്ങളെയും കുട്ടികളെയും നല്ല രീതിയിൽ വളർത്തുവാൻ മാതാപിതാക്കൾക്ക് ദിവ്യമാർഗനിർദ്ദേശം നൽകുവാൻ.

*ജൂലൈ 12* ⇨ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ അത് അറിയിക്കുന്ന മിഷണറിമാരുടെ സംരക്ഷണക്കായി.

*ജൂലൈ 13* ⇨ 2023-24 അദ്ധ്യയനവർഷത്തിൽ നെഹെമ്യ ബൈബിൾ കോളേജിലെ റസിഡൻഷ്യൽ/സായാഹ്ന കോഴ്സുകളിൽ അർഹരായ വിദ്യാർത്ഥികൾ ലഭിക്കുവാനായി.

*ജൂലൈ 14* ⇨ 2023-24 അദ്ധ്യയനവർഷത്തിൽ സെന്റ് ജോൺസ് മെട്രിക്കുലേഷൻ സ്കൂളിൽ പുതിയ വിദ്യാർത്ഥികൾ ലഭിക്കുവാനായി.

*ജൂലൈ 15* ⇨ ലോകം മുഴുവനും നടന്ന വി.ബി.എസ്സിലൂടെ രക്ഷിക്കപ്പെട്ട കുട്ടികൾക്കായി.

*ജൂലൈ 16* ⇨ മയക്കുമരുന്നിന് അടിമകളായവർ, വിദ്യാലയങ്ങളിൽ കൃത്യമായി ഹാജരാകാത്തവർ എന്നീ കുട്ടികളുടെ വിടുതലിനായി.

*ജൂലൈ 17* ⇨ ഈ മാസത്തെ എല്ലാ സാമ്പത്തിക ആവശ്യങ്ങളും നിറവേറപ്പെടുവാൻ.

*ജൂലൈ 18* ⇨ മാരക രോഗം, വിഷാദ രോഗം എന്നിവ ബാധിച്ചിരിക്കുന്നവരുടെ വിടുതലിനായി.

*... 4-ാം പേജിന്റെ തുടർച്ച*

**എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തംപരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു...** (എഫെസ്യർ 3:20).

അതിലും കൂടുതൽ ചെയ്യാൻ കഴിയുമെന്ന് ദൈവം പറയുന്നു. അതാണ് യേശുക്രിസ്തുവിന്റെ ശക്തി. നിങ്ങൾ ഇതുവരെ അവനെ പരീക്ഷില്ല എങ്കിൽ നിങ്ങൾക്കായി അവന് എന്തു ചെയ്യുവാൻ കഴിയുമെന്ന് നോക്കുക. വിശ്വാസത്തോടുകൂടെ നിങ്ങൾ അവനോടു ചോദിക്കുകയാണെങ്കിൽ നിങ്ങൾക്ക് സങ്കല്പിക്കാൻ കഴിയുന്നതിനേക്കാൾ കൂടുതൽ അവനു ചെയ്യാൻ കഴിയും.

ദൈവം നിങ്ങളോട് എന്തെങ്കിലും ചെയ്യാൻ ആവശ്യപ്പെട്ടാൽ, അതിൽ അർത്ഥം ഒന്നും ഇല്ല എന്നു നിങ്ങൾക്കു തോന്നിയാലും അതു ചെയ്യുവിൻ. കാരണം നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അധികമായി ചെയ്യാൻ കഴിവുള്ളവനാണ് ദൈവം. പിന്നെ എന്തിനു വിഷമിക്കണം? ഇയ്യോബിന്റെ പുസ്തകം മനോഹരമായി പറയുന്നത്: **ദൈവം ചെയ്യുന്ന അത്ഭുതകാര്യങ്ങൾ മനുഷ്യന് മനസ്സിലാക്കാനാവില്ല, അവന്റെ അത്ഭുതപ്രവൃത്തികൾക്കവസാനമില്ല** (3:9 NLT).

ദൈവം നമുക്കു തരാൻ പോകുന്ന ദേശത്തേക്കു എത്രയും വേഗം മാറാൻ നാം തയ്യാറാകുക. നിങ്ങളുടെ സാഹചര്യം, സാമ്പത്തികസ്ഥിതി, കുടുംബ പശ്ചാത്തലം, യോഗ്യതകൾ, അനുഭവങ്ങൾ, ആരോഗ്യം, പ്രായം, ലിംഗഭേദം എന്നിവയൊന്നും നോക്കരുത്. നമ്മുടെ ദൈവം ഇതിനെല്ലാം അതീതനായി പ്രവർത്തിക്കുന്നവനാണ്. നിങ്ങൾ ഇപ്പോൾ തയ്യാറാണോ എന്നതാണ് കാര്യം.

ഞാൻ എവിടെയാണ് നിൽക്കുന്നതെന്നും ദൈവം എന്നെ എവിടേക്കാണ് കൊണ്ടുപോകാൻ ആഗ്രഹിക്കുന്നതെന്നുമെനിക്കറിയാം. എവിടെയാണ് പോകേണ്ടതെന്ന് എനിക്ക് നന്നായി അറിയാമെങ്കിലും ഒരു ബിന്ദുവിൽ നിന്നും മറ്റൊന്നിലേക്ക് പോകാൻ എന്നെ തടസ്സപ്പെടുത്തുന്നതെന്താണ്? അതിനായി മത്തായി 13-ാം അദ്ധ്യായത്തിലെ വിതെക്കുന്നവന്റെ ഉപമ നമുക്കു നോക്കാം. ഒരു മനുഷ്യൻ വിതെക്കാൻ പോയപ്പോൾ നാലു വ്യത്യസ്ത തരം മണ്ണിൽ വിത്ത് വീണു എന്ന് നമുക്കറിയാം. നിങ്ങൾ ഏതു തരം മണ്ണാണെന്നു ചോദിച്ചാൽ മിക്കവരും നല്ല മണ്ണാണെന്നു പറയും. കുറഞ്ഞപക്ഷം നാമെല്ലാവരും അങ്ങനെ ആകാനാണ് ആഗ്രഹിക്കുന്നത്. അതു നമ്മുടെ പ്രതീക്ഷയാണെങ്കിലും യാഥാർത്ഥ്യം മന്നൊന്നായിരിക്കും. നമ്മുടെ ജീവിതവും നമ്മുടെ ഫലവുമാണ് ഇതിന്റെ ശരിയായ ഉത്തരം. പ്രതീക്ഷയും യാഥാർത്ഥ്യവും തമ്മിൽ അന്തരമുണ്ട്. ഇപ്പോൾ 12 വയസ്സുള്ള എന്റെ മകൻ നന്നായി ഫുട്ബോൾ കളിക്കും. അതിനു ഞാൻ ദൈവത്തിനു നന്ദി പറയുന്നു. 6 വയസ്സിൽ അവൻ ഫുട്ബോൾ കളിക്കാൻ തുടങ്ങിയപ്പോൾ ഞാൻ അവന്റെ പരിശീലന സ്ഥലത്തു പോയി. എന്റെ മകൻ പന്ത് തട്ടിയിട്ട് വായുവിൽ പന്ത് നോക്കി. പക്ഷെ പന്ത് ഒരിടത്തും പോയില്ല, ഏതാനും സെന്റിമീറ്റർ അകലെ മാത്രമേ പന്ത് പോയുള്ളു. എങ്ങനെ പ്രതികരിക്കണമെന്ന് എനിക്ക് അറിയില്ലായിരുന്നു. അവൻ എന്റെ അടുത്ത് വന്ന് പുഞ്ചിരിയോടെ അവന്റെ കിക്ക് എങ്ങനെയുണ്ടായിരുന്നു എന്നു ചോദിച്ചു. എന്റെ മനസ്സിൽ അവൻ ബോൾ അടിച്ചതു ശരിയല്ല എന്ന സത്യം പറയണോ അതോ അവനെ പ്രോത്സാഹിപ്പിക്കണോ എന്ന് എന്റെ മനസ്സിൽ രണ്ടു ചിന്തയുണ്ടായി. അവസാനം എല്ലാ അമ്മമാരും ചെയ്യുന്നതുപോലെ നന്നായിരുന്നു എന്ന് ഞാൻ അവനോടു പറഞ്ഞു. അതു കേട്ടപ്പോൾ അവന്റെ മുഖത്ത് വിലമതിക്കാനാകാത്ത പുഞ്ചിരി ഞാൻ കണ്ടു. അവന്റെ പ്രതീക്ഷ യാഥാർത്ഥ്യത്തിൽ നിന്നും വ്യത്യസ്ഥമായിരുന്നു.

അതുപോലെ നാമെല്ലാവരും നല്ല മണ്ണ് ആകാൻ ആഗ്രഹിക്കുന്നു. പക്ഷെ എന്താണ് യാഥാർത്ഥ്യം? അത് നിങ്ങൾക്കു മാത്രമേ പറയാൻ സാധിക്കുകയുള്ളു.

**വിതെക്കുമ്പോൾ ചിലത് വഴിയരികെ വീണു; പറവകൾ വന്നു അതു തിന്നുകളഞ്ഞു** എന്ന് മത്തായി 13:4-ൽ പറഞ്ഞിരിക്കുന്നു. വീഥിയിൽ വിത്ത് വീണപ്പോൾ പക്ഷികൾ വന്ന് അതു തിന്നുകളഞ്ഞു.

19-ാം വാക്യത്തിൽ യേശുക്രിസ്തു ഈ ഉപമയുടെ അർത്ഥം ശിഷ്യന്മാർക്കു വിശദീകരിച്ചുകൊടുക്കുന്നു.

മത്തായി 13:19. **ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടതു എടുത്തുകളയുന്നു; ഇതത്രെ വഴിയരികെ വിതെക്കപ്പെട്ടതു.**

ഈ വാക്യത്തിലെ രണ്ടു കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു-ദൈവം ആഗ്രഹിക്കുന്നിടത്തു എത്തുന്നതിൽനിന്നു നമ്മെ തടയുന്നത് എന്താണെന്ന് മനസ്സിലാക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ആദ്യത്തെ മണ്ണിനെക്കുറിച്ച് യേശുക്രിസ്തു വിശദീകരിക്കുമ്പോൾ ദുഷ്ടൻ വന്ന് അത് തട്ടിയെടുക്കുന്നു എന്നാണ് പറഞ്ഞത്. ദൈവവചനത്തിന് നമ്മുടെ ഹൃദയത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുന്നതിനു മുൻപെ ദുഷ്ടനായ സാത്താൻ നമ്മുടെ ജീവിതത്തെ തട്ടിയെടുക്കുന്നു. യഥാർത്ഥത്തിൽ ഇത് എങ്ങനെയാണ് സംഭവിക്കുന്നത്?

ഞാൻ ഒരു സാങ്കൽപ്പിക കഥ പറയട്ടെ. ഒരു ദിവസം സാത്താൻ തന്റെ കൂടെയുള്ള വീണുപോയ ദൂതന്മാർക്കെല്ലാം തന്റെ ഉപകരണമുറി കാണാനും ദൈവഹിതത്തിൽനിന്ന് ജനങ്ങളെ തെറ്റിക്കാൻ സഹായിക്കുന്ന എന്തും വാങ്ങുവാൻ അവസരം നൽകി. ഓരോ ഉപകരണത്തിന്റെയും താഴെ അതിന്റെ വിലയും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതിൽ കൊലപാതകം, അസൂയ, മോഷണം, നീട്ടിവെയ്ക്കൽ, നുണകൾ മുതലായവ ഉണ്ടായിരുന്നു. എന്നാൽ വളരെ ചെറിയതാണെങ്കിലും വളരെ ചെലവേറിയ രണ്ടു കാര്യങ്ങളും ഉണ്ടായിരുന്നു. നമ്മുടെ ജീവിതത്തിൽ സാത്താന്റെ ഏറ്റവും ശക്തമായ ഉപകരണം എന്താണെന്നാണ് നിങ്ങൾ കരുതുന്നത്? നിരുത്സാഹവും അശ്രദ്ധയും.

**അശ്രദ്ധ:** നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതി നിറവേറ്റുന്നതിൽനിന്നും നമ്മെ വ്യതിചലിപ്പിക്കാനും നശിപ്പിക്കാനും കഴിയുന്ന സാത്താന്റെ ഏറ്റവും ശക്തമായ ഉപകരണങ്ങളിൽ ഒന്നാണ് അശ്രദ്ധ. ദൈവഹിതം നിറവേറ്റാൻ നാം സ്വയം തയ്യാറാകുന്നില്ല എങ്കിൽ നാം മനസ്സിലാക്കേണ്ടത് നാം സാത്താന്റെ പദ്ധതി നിറവേറ്റാൻ തയ്യാറെടുക്കുകയാണ് എന്ന്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിങ്ങൾ ദൈവത്തിന്റെ ഇഷ്ടത്തിലല്ല എങ്കിൽ നിശ്ചയമായും സാത്താന്റെ ഇഷ്ടത്തിലാണ്. ഇത് നിങ്ങൾക്ക് അംഗീകരിക്കാൻ ബുദ്ധിമുട്ടായിരിക്കും.

നിങ്ങൾ കർത്താവിന്റെ ശുശ്രൂഷ ചെയ്യുന്നുണ്ടാകാം. പക്ഷെ ദൈവഹിതമനുസരിച്ചാണോ പ്രവർത്തിക്കുന്നത്? നിങ്ങൾ ദൈവത്തിനു വേണ്ടിയാണോ അതോ ദൈവത്തോടൊപ്പമാണോ ശുശ്രൂഷ ചെയ്യുന്നത്? ഇത് നാമെല്ലാവരും ചിന്തിക്കേണ്ടതും ചോദിക്കേണ്ടതുമായ വിഷയമാണ്. ദൈവത്തിനു വേണ്ടി എന്തു ശുശ്രൂഷ ചെയ്താലും അത് ദൈവഹിതമാണെന്നാണ് ഞാനുൾപ്പടെയുള്ളവർ ചിന്തിച്ചിരുന്നത്. അത് തെറ്റാണ്. ദൈവഹിതം മനസ്സിലാക്കാതെ പുതിയ പ്രവർത്തനങ്ങളിലേക്ക് കടക്കരുത്. ദൈവത്തിന്റെ വാഗ്ദത്തം ലഭിച്ചതിനുശേഷം മാത്രം ആരംഭിക്കുക.

ദൈവഹിതത്തിൽനിന്നും നമ്മെ പിന്തിരിപ്പിക്കുന്നത് അശ്രദ്ധയാണ്.

എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കാത്ത തരത്തിലല്ല അശ്രദ്ധ വരുന്നത്. സാത്താൻ എപ്പോഴും മിടുക്കനും ഒളിഞ്ഞിരിക്കുന്നവനും കൗശലക്കാരനുമാണ്. നിങ്ങൾക്കു ചെറുത്തു നില്ക്കാൻ കഴിയാത്ത രീതിയിൽ അവൻ അശ്രദ്ധ കൊണ്ടുവരും.

ഹവ്വ വിലക്കപ്പെട്ട കനി കണ്ടപ്പോൾ അത് **കാണ്മാൻ ഭംഗിയുള്ളത്** എന്ന് അവൾക്കു തോന്നി എന്ന് ഉല്പത്തി 3:6 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും** ആയിരുന്നു.

അത് അവളുടെ കണ്ണുകൾക്ക് ആനന്ദവുമായിരുന്നു.

അത് ഹൃദ്യമായതും, മനോഹരവും, രുചിയുള്ളതും, ആഹ്ലാദകരവും ആയിരുന്നതിനെക്കാൾ ഉപരിയായി അവൾ ജ്ഞാനിയായിരിക്കുവാൻ ആഗ്രഹിച്ചു. ഇവയിലേതെങ്കിലും മോശമായിട്ടുള്ളതുണ്ടോ? ഇത് സാത്താനിൽനിന്നും കടന്നുവരുന്നതാണെന്നു തോന്നുമോ? ഇതൊക്കെയല്ലേ എല്ലാവരും ആഗ്രഹിക്കുന്നത്? ഇത് അശ്രദ്ധയാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

പക്ഷെ, നാം അത് അശ്രദ്ധയായി കാണുന്നു. അത്, മുഴുവൻ മാനവരാശിയുടെയും തകർച്ചയ്ക്ക് കാരണമാകുന്നു. അശ്രദ്ധ എപ്പോഴും വളരെ ആകർഷകമായ രൂപത്തിലും ഭാവത്തിലും വർണ്ണത്തിലും നയനസുഖം തരുന്ന രീതിയിലാണ് വരുന്നത്. അത് നല്ലതാണെങ്കിലും ദൈവത്തോടുള്ള നിങ്ങളുടെ ശ്രദ്ധയ്ക്ക് തടസ്സമുണ്ടാക്കുന്നുവെങ്കിൽ ജാഗ്രത പാലിക്കേണ്ടതാണ്.

ഇതാണ് എന്റെ ശക്തമായ ആശയം എന്ന് നിങ്ങൾ പറയുമ്പോൾ സൂക്ഷിക്കുക. അതേ ആശയത്തിൽ തന്നെ സാത്താൻ തിരിച്ചടിക്കും. ഞാൻ നിന്നോടൊപ്പം മരിക്കും എന്ന് പത്രൊസ് യേശുക്രിസ്തുവിനോടു പറഞ്ഞു. പത്രൊസ് വിചാരിച്ചത് അത് അവന്റെ ശക്തമായ ആശയം എന്നാണ്. യേശുക്രിസ്തുവിനോടുള്ള തന്റെ ശക്തമായ സ്നേഹത്തിന്റെ പ്രകടനമായിരുന്നു അത്. പക്ഷെ യേശു പറഞ്ഞത് ഇന്നു നേരം പുലരുന്നതിനു മുമ്പെ നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയും എന്നാണ്.

പ്രീയരേ, നിങ്ങൾ ശരിക്കും ശക്തരെന്നു കരുതുന്ന ഭാഗത്തെക്കുറിച്ച് നിങ്ങൾ ചിന്തിക്കുവിൻ. നിങ്ങളുടെ ജീവിതം, ജീവിതത്തിന്റെ എല്ലാ മേഖലകളും, കുട്ടികൾ, കുടുംബം, ജോലി, ശുശ്രൂഷ, വിളി, അഭിഷേകം എന്നിവയെക്കുറിച്ച് പ്രാർത്ഥിക്കുവിൻ. നമ്മുടെ ഓരോ ചുവടുവയ്പിലും ദൈവത്തിന്റെ ശക്തി ആവശ്യമാണ്. അല്ലാത്തപക്ഷം നാം വഴിതെറ്റിപ്പോകുകയും ദൈവം നമുക്കായി കരുതിയിരിക്കുന്നതൊക്കെയും നഷ്ടപ്പെട്ടുപോകുകയും ചെയ്യും.

**നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു** (1പത്രൊസ് 5:8).

പിശാച് അലറുന്ന സിംഹത്തെപ്പോലെ നമ്മെ എപ്പോൾ വിഴുങ്ങാൻ സാധിക്കും എന്നു നോക്കി നമ്മുടെ ചുറ്റും നടക്കുന്നു. അതിനാൽ നിർമ്മദരായിരിപ്പാനും ഉണർന്നിരിപ്പാനും ശ്രദ്ധയോടിരിപ്പാനും വചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

വേദപുസ്തകത്തിന്റെ ആംപ്ലിഫൈഡ് പരിഭാഷ പറയുന്നത്: നന്നായി സന്തുലിതവും സ്വയം അച്ചടക്കവും പുലർത്തുക, ജാഗരൂകരാകുക, എല്ലാ സമയത്തും ജാഗ്രത പാലിക്കുക. സാത്താൻ കഠിനമായ വിശപ്പോടു കൂടെ വിഴുങ്ങാനായി, നടക്കുകയും, അന്വേഷിക്കുകയും ചുറ്റി നടക്കുകയും ചെയ്യുന്നു.

ഞാൻ നിങ്ങളോടു പറയുന്നത്, ജാഗരൂകരായിരിക്കുവിൻ, ജാഗ്രത പാലിക്കുവിൻ, അച്ചടക്കമുള്ളവരായിരിക്കുവിൻ. മറ്റുള്ള എല്ലാ കാര്യങ്ങളും നിറുത്തിവച്ച് വരുന്ന ദിവസങ്ങളിലും ആഴ്ചകളിലും ദൈവത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുവിൻ. വ്യക്തിപരമായി ദൈവത്തോട് സംസാരിച്ച് അവൻ നിങ്ങളെക്കൊണ്ട് ആഗ്രഹിക്കുന്നതെന്തെന്ന് ചോദിച്ചു മനസ്സിലാക്കുക. ഇതിനെക്കുറിച്ച് വ്യക്തമായ ധാരണ ലഭിക്കുന്നതുവരെ ഉപവസിച്ചു പ്രാർത്ഥിക്കുക. സാത്താന്റെ തന്ത്രങ്ങളിൽ വീണുപോകാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ.

ഈ അവസാന നാളുകളിൽ നമ്മെക്കുറിച്ചുള്ള ദൈവീക പദ്ധതിയിൽനിന്നും വഴുതിപ്പോകാതെ ദൈവഹിതം നിറവേറ്റുവിൻ.

അശ്രദ്ധ നമ്മുടെ ജീവിതത്തിൽ, പ്രത്യേകിച്ച് കർത്താവിനെ സ്നേഹിക്കുന്നവരുടെ മദ്ധ്യേ എത്രമാത്രം ശക്തമാണെന്നു നമുക്ക് നോക്കാം. ദൈവം യിസ്രായേലിനെ അനുഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് വേദപുസ്തകം പറയുന്നു. ആർക്കും അവരെ ശപിക്കാൻ കഴിയുകയില്ല. ദൈവമക്കൾക്കെതിരെ അന്ധകാരത്തിന്റെ ശക്തികൾക്കോ മന്ത്രവാദത്തിന്റെയോ തിന്മയുടെ ശക്തികൾക്കോ പ്രവർത്തിക്കാൻ കഴിയുകയില്ല. എന്നാൽ നമ്മുടെ ജീവിതത്തിൽ അരാജകത്വവും ആശയക്കുഴപ്പവും നാശവും കൊണ്ടുവരുന്ന സാത്താന്റെ തന്ത്രങ്ങളെ തടയാൻ നമുക്കു മാത്രമേ കഴിയുകയുള്ളൂ.

യിസ്രായേലിനെ ശപിക്കാൻ മോവാബ് രാജാവ് ബിലെയാമിനെ ക്ഷണിച്ചു എന്ന് വേദപുസ്തകം പറയുന്നു. ഓരോ പ്രാവശ്യവും ശപിക്കാൻ നോക്കുമ്പോൾ സാധിക്കാതെ

9-ാം പേജിൽ തുടരും...


## വിളിയുടെ പ്രതിധ്വനി
### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.



## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

# നമ്മുടെ ആഗ്രഹങ്ങൾ നിറവേറ്റിത്തരുന്ന കർത്താവ്!

**ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു (ഫിലിപ്പിയർ 2:13)**



എനിക്ക് ഏകദേശം പതിനെട്ടു വയസ്സായിരുന്നപ്പോൾ എന്റെ പിതാവും സഹോദരന്മാരും പതിവായി പള്ളിയിൽ പോയി പാട്ടു പാടി ദൈവത്തെ ആരാധിക്കുന്നത് ഞാൻ കാണുന്നുണ്ടായിരുന്നു. എനിക്കു കഴിയുന്ന രീതിയിൽ ഞാനും അവരെ സഹായിക്കുകയും ചെയ്യുമായിരുന്നു. ഹർമ്മോണിയം പോലെയുള്ള സംഗീതോപകരണങ്ങൾ ഞാൻ പഠിക്കുകയും ചെയ്തു.

എന്റെ നേതൃത്വത്തിൽ ആരംഭിച്ച **ഗുഡ് ന്യൂസ് പ്രെയർ ബാന്റ്** എന്ന ടീമിലൂടെ ഞങ്ങൾ ഒരു ഗായക സംഘത്തെയും വാദ്യോപകരണങ്ങൾ വായിക്കാൻ സംഗീതജ്ഞരെയും സജ്ജരാക്കി. യേശുക്രിസ്തുവിന്റെ സുവിശേഷം പല ഗ്രാമങ്ങളിലും പ്രചരിപ്പിക്കുവാൻ ദൈവം എന്നെ സഹായിച്ചു. ദൈവീക സന്ദേശങ്ങളും സാക്ഷ്യങ്ങളും പാട്ടുകളും ഞങ്ങൾ അവരുമായി പങ്കുവച്ചു. ഈ ഗ്രൂപ്പിലെ പ്രധാന വ്യക്തികൾ ബ്ര. വെസ്ലി ദേവദാസൻ (ഇപ്പോൾ ഹെറാൾഡ് ഓഫ് ഹിസ് കമിംഗ്), റവ. എ. സെൽവരാജ് (ഇപ്പോൾ സി.എസ്.ഐ മിഷണറി, പാസ്റ്റർ), റവ. ജോൺ റോസ് കമലം (ഇപ്പോൾ സി.എസ്.ഐ മധുര, സീനിയർ പാസ്റ്റർ), വയലിനിസ്റ്റ് ബ്ര. ഡേവിഡ് റെജിനാൾഡ് (അദ്ധ്യാപകൻ), റവ. പൗലോസ് (സി.എസ്.ഐ. പാസ്റ്റർ), ശ്രീ. ജയച്ചന്ദ്രൻ (എ.ഒ.ജി. പാസ്റ്റർ), ശ്രീ. ജയാനന്ദ പോൾമണി (അദ്ധ്യാപകൻ) ഇവരൊക്കെയായിരുന്നു.

വലിയതും നല്ല ഭാരമുള്ളതുമായ എന്റെ ഹാർമ്മോണിയം തോളിൽ ചുമന്ന് ഗ്രാമങ്ങളിലും ചന്തസ്ഥലങ്ങളിലും തെരുവീഥികളിലും പോയി പാട്ടുകൾ പാടുകയും സാക്ഷ്യം പറയുകയും വചനം പ്രസംഗിക്കുകയും ചെയ്യുമായിരുന്നു. ആയിരക്കണക്കിന് സുവിശേഷ ലഘുലേഖകൾ ഞാൻ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഞാൻ സന്തോഷത്തോടും പൂർണ്ണമനസ്സോടുമാണ് ഇതൊക്കെ ചെയ്തത്. ഞാൻ ഒറ്റക്ക് എന്റെ ഹാർമ്മോണിയവും വഹിച്ചുകൊണ്ട് അനേകം മൈലുകൾ നടന്നു ചെന്ന് ജാതിമതഭേദമെന്യെ എല്ലാവരോടും യേശുകർത്താവിന്റെ സുവിശേഷം അറിയിക്കുമായിരുന്നു.

ചെറുപ്പത്തിൽ ഹാർമ്മോണിയം വായിച്ച് പാട്ടുകൾ പാടിയിരുന്ന സ്ഥലങ്ങൾ ഇന്നു സന്ദർശിക്കുമ്പോൾ അത്ഭുതപ്പെട്ടുപോകുകയാണ്. എവിടെയൊക്കെ ഞാൻ പ്രസംഗിച്ചുവോ അവിടെയെല്ലാം സുവിശേഷ ലഘുലേഖകൾ വിതരണം ചെയ്തിട്ടുണ്ട്. ഇവിടെയൊക്കെയും അനേകം പള്ളികളും നിരവധി ക്രിസ്ത്യാനികളെയും കാണുവാൻ കഴിഞ്ഞു. സമൂഹത്തിൽ ഒരു യോഗ്യതയും പദവിയും ഇല്ലാത്തവനെന്ന് ആളുകൾ പരിഹസിച്ചത് ഞാൻ ഓർത്തുപോകുകയാണ്.

ദിവസങ്ങൾ കടന്നുപോയി. ദൈവം എന്നെ പടിപടിയായി ഉയർത്തി. ദൈവീക ജ്ഞാനവും, ജനപിന്തുണയും, സാമ്പത്തിക ഉയർച്ചയും തന്ന് എന്നെ അനുഗ്രഹിച്ചു. അന്നത്തെ കാലത്തെ ഏറ്റവും വിലയേറിയ സംഗീതോപകരണമായ അക്കോർഡിയനും എനിക്കു തന്നു. ഈ ഉപകരണം വാങ്ങാൻ പണമില്ലാത്തതിനാൽ എന്റെ സുഹൃത്തുക്കളിൽ ഒരാളായ വന്ദവാസിയിലെ ശ്രീ. എം. പത്മനാഭൻ തന്റെ ഭാര്യയുടെ വിവാഹ ചെയിൻ (താലി) പണയം വെച്ച് പണം തന്നു സഹായിച്ചു. എന്റെ സ്വന്തം ഇളയ സഹോദരനായ ശ്രീ. ബിജിലി സാംരാജും ഈ കാര്യത്തിൽ എന്നെ സഹായിച്ചു.

അങ്ങനെ ദൈവം എന്നെ ടി.വി. യിലൂടെ വചനം അറിയിക്കുവാൻ സഹായിച്ചു. ഇപ്പോൾ യുട്യൂബ് ചാനലിലൂടെയും സംസാരിക്കുവാൻ കർത്താവ് എന്നെ പ്രാപ്തനാക്കി. എന്റെ സന്ദേശങ്ങൾ തമിഴ്, ഇംഗ്ലീഷ്, ഹിന്ദി, തെലുങ്ക് എന്നീ ഭാഷകളിൽ ലഭ്യമാണ്. എന്നെ സഹായിക്കാനായി അനേകം ഗായകരെയും സംഗീതോപകരണങ്ങളും ദൈവം തന്നിട്ടുണ്ട്. എന്നെ ഉയർത്തിപ്പിടിക്കുവാൻ എന്റെ മുഖ്യ സഭ എപ്പോഴും കൂടെയുണ്ട്. എന്റെ ശുശ്രൂഷയിൽ ദൈവം അനേകം ശാഖാ സഭകളെയും സഹകാരികളെയും തന്നിട്ടുണ്ട്.

പ്രിയ വായനക്കാരേ, ദൈവത്തിനുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യുവാൻ നിങ്ങൾക്കും താല്പര്യമുണ്ട് എന്നു ഞാൻ മനസ്സിലാക്കുന്നു. എന്താണെങ്കിലും ഉടനെ തന്നെ ചെയ്യുവാൻ തുടങ്ങുവിൻ. നിങ്ങൾക്ക് ജനപിന്തുണയോ സാമ്പത്തിക പിൻബലമോ ഇല്ലായിരിക്കാം. നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ നിങ്ങൾ വഴിയും കണ്ടെത്തും. കാലതാമസം വരുത്തരുത്! ഇന്നു തന്നെ തുടങ്ങൂ!! ഇപ്പോൾ തന്നെ ചെയ്യുവിൻ!!!

"ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു" (ഫിലിപ്പിയർ 2:13).

***************

*... 7-ാം പേജിന്റെ തുടർച്ച*

അവരെ അനുഗ്രഹിക്കുന്നു. അതുകൊണ്ട് മോവാബ് രാജാവായ ബാലാക്ക് അത്യധികം നിരാശനും കോപാകുലനും അസ്വസ്ഥനും ആകുന്നു. ഇവർ ദൈവത്തിന്റെ ജനമാണെന്ന് ഒടുവിൽ ബിലെയാം രാജാവിനോട് പറയുന്നു. അവരെ അനുഗ്രഹിക്കുക എന്നത് ദൈവത്തിന്റെ ആഗ്രഹമാണ്. അതിനാൽ അവരെ ശപിക്കാനോ നശിപ്പിക്കാനോ കഴിയുകയില്ല. പക്ഷെ അവരെ താഴെയിറക്കാൻ ഒരു വഴിയുണ്ട്. അത് അവരുടെ ശ്രദ്ധ വ്യതിചലിപ്പിക്കുന്നതിലൂടെയാണ്. അതിലൂടെ അവർക്കെതിരെ ദൈവകോപം ഉണ്ടായി അതിലൂടെ അവൻ തന്നെ അവരെ നശിപ്പിക്കും.

**ഇവരത്രേ പെയോരിന്റെ സംഗതിയിൽ ബിലെയാമിന്റെ ഉപദേശത്താൽ യിസ്രായേൽ മക്കൾ യഹോവയോടു ദ്രോഹം ചെയ്‌വാനും യഹോവയുടെ സഭയിൽ ബാധ ഉണ്ടാവാനും ഹേതുവായത്** (സംഖ്യാപുസ്തകം 31:16).

മോവാബ്യ സ്ത്രീകളെ യിസ്രായേല്യരുടെ അടുത്ത് അയക്കാനായിരുന്നു ബിലെയാമിന്റെ ഉപദേശം. തുടർന്ന് അവർ യിസ്രായേൽ പുരുഷന്മാർക്ക് ലൈംഗികമായ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്തു. പക്ഷെ, അതോടൊപ്പം അവരുടെ ദൈവങ്ങളെ ആരാധിക്കണമെന്നാണ് വ്യവസ്ഥ. അവരുടെ ദൈവം ബാൽ പെയോർ ആണ്. യിസ്രായേല്യർ തങ്ങളുടെ ദൈവത്തെ ആരാധിക്കുകയാണെങ്കിൽ മോവാബ്യ സ്ത്രീകൾ സഹകരിക്കാമെന്ന് അവർ പറഞ്ഞു.

യിസ്രായേല്യരുടെ ബലഹീനത ബിലെയാമിന് അറിയാമായിരുന്നു എന്നു മാത്രമല്ല, യഹോവയെ അല്ലാതെ മറ്റൊരു ദൈവത്തെ ആരാധിക്കുകയാണെങ്കിൽ ദൈവത്തിനുണ്ടാകുന്ന ദേഷ്യത്തെക്കുറിച്ചും അവന് അറിയാമായിരുന്നു. മറ്റേതെങ്കിലും ദൈവത്തെ ആരാധിക്കുന്നതോ തന്റെ സ്ഥാനം മറ്റൊരാൾ എടുക്കുന്നതോ ദൈവത്തിന് ഇഷ്ടമില്ലായിരുന്നു. അതുകൊണ്ട് ശ്രദ്ധ തിരിക്കുക എന്നതായിരുന്നു ബിലെയാമിന്റെ ഉപദേശം. അത് അവരെ ദൈവഹിതത്തിൽനിന്ന് വ്യതിചലിപ്പിക്കുക മാത്രമല്ല അവരുടെ ജീവിതത്തിൽ ദൈവകോപം ഉണ്ടാകുകയും ചെയ്യും.

*പ്രിയ സ്നേഹിതരേ, നിങ്ങൾ ഏതു സാഹചര്യത്തിലൂടെ കടന്നുപോകുന്നു എന്നോ നിങ്ങളുടെ ജീവിതയാത്രയിൽ എവിടെയാണെന്നോ എനിക്കറിയില്ല. നിങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന അശ്രദ്ധകളെക്കുറിച്ച് ചിന്തിക്കുവിൻ. അത് നയനസുഖം തരുന്നതും മനോഹരവും സന്തോഷം നൽകുന്നതുമായിരിക്കും. അത് ദൈവഹിതത്തിനെതിരാണെന്നു മനസ്സിലായാൽ, മാറി നടക്കുവിൻ. അതിനുള്ള ശക്തിക്കായി ദൈവത്തോട് അപേക്ഷിക്കുവിൻ.*

*പ്രത്യേകിച്ച് ചെറുപ്പക്കാർ, തങ്ങളുടെ വിവാഹ കാര്യത്തിൽ, രണ്ടു പേരുടെയും വിശ്വാസവും കാഴ്ചപ്പാടും പൊരുത്തപ്പെട്ടുപോകണം. അല്ലെങ്കിൽ ജീവിതം മുഴുവനും പോരാട്ടമായിരിക്കും.*

*ഇതു വായിക്കുന്ന എല്ലാവരെയും അശ്രദ്ധ തിരിച്ചറിഞ്ഞ് പുതിയ കാലത്തെ വരവേൽക്കാൻ ദൈവം സഹായിക്കട്ടെ.*

*ഉപേക്ഷിക്കുന്നതു നിറുത്തി മുന്നോട്ടു നീങ്ങാൻ തുടങ്ങുക. നിങ്ങൾ ചോദിക്കുന്നതിനെക്കാളും സങ്കൽപ്പിക്കുന്നതിനെക്കാളും ദൈവത്തിനു ചെയ്യാൻ കഴിയും.*

*പുതിയ കാലത്തെ വരവേൽക്കുവിൻ.*

*ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.*

***************

## ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ

**വിളിയുടെ പ്രതിധ്വനി**യുടെ സിൻഹള ഭാഷയിലെ മാസികയുടെ ശ്രീലങ്കയിലേക്കുള്ള പോസ്റ്റേജ് ചാർജ് (ഒരു മാസിക 31/- രൂപ) വളരെ കൂടുതലായതിനാൽ മാസികകളെല്ലാം ശ്രീലങ്കയിൽ എത്തിച്ച് അവിടെനിന്നും വിതരണം ചെയ്യുവാൻ ആഗ്രഹിച്ച് ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അതിനുവേണ്ടി നിങ്ങളും ദയവായി പ്രാർത്ഥിക്കുവിൻ.

എഡിറ്റർ

## തിയോളജിക്കൽ കറസ് പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, Post Box 2957
CHEPAUK, CHENNAI - 600 005.
Ph.: (044) 2852 8282, 2852 9293, 2854 7766,
Cell : 98410 71852, 95661 31858
E.mail : biblecor@yahoo.co.in

പ്രിയ വായനക്കാരേ,

ദയവായി പരിശോധിച്ച് അടയാളപ്പെടുത്തി ഞങ്ങൾക്ക് അയച്ചു തരിക. **വിളി**യുടെ **പ്രതിധ്വനി**യിൽ നിന്നും സമ്മാനം ലഭിക്കുന്നതാണ്.

1. **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയ്ക്കുവേണ്ടി ഇന്നു പ്രാർത്ഥിച്ചുവോ? ഉവ്വ് ☐ ഇല്ല ☐
2. **വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കുന്നുവോ? ഉവ്വ് ☐ ഇല്ല ☐
3. **വിളിയുടെ പ്രതിധ്വനി**ക്കുവേണ്ടി പുതിയ വായനക്കാരെ സംഭരിക്കുമോ? (പണം സ്വീകരിക്കേണ്ടതില്ല) ഉവ്വ് ☐ ഇല്ല ☐
4. ഏതു കോളമാണ് (വിഷയം) നിങ്ങൾക്ക് ഇഷ്ടമുള്ളത്? മുഖ്യ സന്ദേശം ☐ എഡിറ്റോറിയൽ ☐ കുടിലിൽ നിന്നു കൊട്ടാരത്തിലേക്ക് ☐
5. ഞങ്ങളുടെ വാട്ട്സ്ആപ് നമ്പർ സേവ് ചെയ്തിട്ടുണ്ടോ? ഉവ്വ് ☐ ഇല്ല ☐
6. **വിളിയുടെ പ്രതിധ്വനി** യുട്യൂബ് ചാനൽ സബ്സ്ക്രൈബ് ചെയ്തിട്ടുണ്ടോ? ഉവ്വ് ☐ ഇല്ല ☐
7. യുട്യൂബ് ചാനലിലെ ചെറിയ സന്ദേശങ്ങൾ കാണാറുണ്ടോ? ഉവ്വ് ☐ ഇല്ല ☐
8. യുട്യൂബ് ചാനലിലെ തമിഴ്, ഇംഗ്ലീഷ്, ഹിന്ദി, കന്നഡ ഭാഷകളിലെ 5 മിനിട്ട് സന്ദേശങ്ങൾ കാണാറുണ്ടോ? ഉവ്വ് ☐ ഇല്ല ☐

ഈ ഭാഗം പൂരിപ്പിച്ച്, മുറിച്ച് ഞങ്ങൾക്ക് അയച്ചു തരിക. ഒരു സമ്മാനം നിങ്ങൾക്കു ലഭിക്കുന്നതാണ്.

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**

**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | S. Sam Selva Raj |
| A/C No. | : | 1023 2934 679 |
| IFSC | : | SBIN 00 00 249 |
| SWIFT CODE | : | SBI NIN BB 455 |

### *2. Bank : ICICI Bank*

| | | |
|---|---|---|
| Branch | : | Anna Salai, Chennai-6 |
| Name | : | Echo of His Call |
| A/C No. | : | 6038 0502 2319 |
| IFSC | : | ICIC 000 6038 |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | Echo of His Call Educational Trust |
| A/C No. | : | 1023 2923 805 |
| IFSC | : | SBIN 00 00 249 |

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/- രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/- രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 5th JUNE, 2023.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**